**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംമ്പർ: 7738 23.07.2012 ലെ മറുപടിക്ക്

## ആറന്മുള വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുന്നത് നിലവിലുള്ള ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്; | (എ) യും (ബി) യും (സി) യും | കേന്ദ്ര സർക്കാരിന്റെ ഗ്രീൻ ഫീൽഡ് വിമാനത്താവള നയം അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തൊക്കെ വ്യവസ്ഥകളാണ് നിഷ്ക്കർഷിക്കുന്നത്; | | |
| (സി) | ഗ്രീൻ ഫീൽഡ് എയർപോർട്ട് നിർമ്മിക്കുവാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; | | |
| (ഡി) | യാത്രക്കാരുടെ തിരക്ക് നിയന്ത്രണാതീതമായി വർദ്ധിക്കുമ്പോൾ പരിഹാരമായി 150 കി.മീ. ദൂരത്തിൽ എയർപോർട്ടാകാം എന്ന കാര്യം നിഷ്ക്കർഷിച്ചിട്ടുണ്ടോ; | (ഡി) | നിലവിലുള്ള ഒരു വിമാനത്താവളത്തിൽ നിന്നും 150 കി.മീ. ദൂരത്തിനുള്ളിൽ പുതുതായി ഒരു വിമാനത്താവളത്തിനായുള്ള നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ നിലവിലുള്ള വിമാനത്താവളത്തിന്മേലുണ്ടാകാനിടയുള്ള 'ഇംപാക്ട്' പരിശോധിച്ച് കേന്ദ്ര സർക്കാർ ഓരോന്നിലും പ്രത്യേക തീരുമാനമെടുക്കുമെന്ന് കേന്ദ്ര ഗ്രീൻഫീൽഡ് വിമാനത്താവള നയത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| (ഇ) | കേരളത്തിലെ ഏതെങ്കിലും എയർപോർട്ടുകളിൽ നിയന്ത്രണാതീതമായ തിരക്ക് ഉണ്ടാകുന്നതായി | (ഇ) യും (എഫ്) ഉം | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; | | |
| (എഫ്) | വാമാനത്താവളങ്ങളിലെ തിരക്ക് വിലയിരുത്തുന്നതിന് രാജ്യാന്തര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | | |
| (ജി) | ദിവസവും രണ്ടു മണിക്കൂർ പോലും തിരക്കില്ലാത്ത കേരളത്തിലെ നിലവിലുള്ള എയർപോർട്ടുകൾ കൂടാതെ തൊട്ടടുത്ത എയർപോർട്ടിൽ നിന്നും 150 കി.മീറ്ററിനുള്ളിൽ ആറന്മുളയിൽ പുതിയ വിമാനത്താവളത്തിന് എന്തൊക്കെ അനുമതികളാണ് ഇതിനകം ലഭിച്ചിട്ടുള്ളത് ? | (ജി) | ആറന്മുളയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ തത്വത്തിൽ സംസ്ഥാന സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. ചില നിബന്ധനകളോടെ കേന്ദ്ര പ്രതിരോധ മന്ത്രാലയം പദ്ധതിക്ക് എൻ.ഒ.സി. നല്കുകയും ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര വ്യോമയാന മന്ത്രാലയം ടി വിമാനത്താവളത്തിന് സൈറ്റ് ക്ളിയറൻസ് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**